# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 469 27.02.2018- ൽ മറുപടിക്ക്**

## സൗജന്യ കൈത്തറി യൂണിഫോം

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) എത്രാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഈ അദ്ധ്യയനവർഷത്തിൽ സൗജന്യമായി കൈത്തറി യൂണിഫോം വിതരണം ചെയ്തത് എന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്തെ ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെയുള്ള 2718 സർക്കാർ സ്കൂളുകളിലെ ഏകദേശം 2,20,148 കുട്ടികൾക്കാണ് 2 ജോടി വീതം സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം 2017-18 അദ്ധ്യയന വർഷം വിതരണം ചെയ്തത്. |
| (ബി) ഇതുവഴി കൈത്തറി വ്യവസായ മേഖലയ്ക്ക് എത്രകോടി രൂപയുടെ നേട്ടമാണുണ്ടായത് എന്ന് വെളിപ്പെടുത്തുമോ; | (ബി) കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ സർക്കാർ നടപ്പിലാക്കിയ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതു മുതൽ ഇതു വരെ ഏകദേശം 63 കോടി രൂപയോളം ചെലവഴിച്ചു. ഇതിൽ ഏകദേശം 35 കോടിയിൽ പ്പരം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്കും അനുബന്ധതൊഴിലാളികൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) കൈത്തറി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് സഹായകമായിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ? | (സി) കൈത്തറി മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്തു തൊഴിലാളികൾക്ക് ഒരു സ്ഥിര വരുമാനം ലഭ്യമാക്കുകയും, കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുകയും ചെയ്തു. കൂടുതൽ തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിനും, പുതിയതായി കൊണ്ടുവരുന്നതിനും സാധിച്ചു. ഏകദേശം 3600-ഓളം നെയ്ത്തുകാരും അതിന്റെ ഇരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമാകുകയും ചെയ്തു. പൂട്ടിക്കിടന്നിരുന്ന പല നെയ്ത്തുശാലകളിലെ തറികളും, ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും, തറികൾക്കുള്ള അറ്റകുറ്റപ്പണികൾക്കുള്ള ധന സഹായം നൽകുകയും ചെയ്തു. കൈത്തറി മേഖലയ്ക്ക് |

ഒരു പുത്തൻ ഉണർവ് ഈ പദ്ധതി മൂലം ഉണ്ടാക്കുകയും ചെയ്തു. തൊഴിലാളികൾക്ക് സ്ഥിര മായി തൊഴിലും കൂടുതൽ കൂലിയും ലഭ്യമാക്കു ന്നതിന് സാധിച്ചിട്ടുണ്ട്.

കൂടാതെ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നും യൂണിഫോമിനാവശ്യമായ നൂലുകൾ വാങ്ങുന്നതിനും അതുവഴി സ്പിന്നിംഗ് മില്ലുകളേയും മിൽ തൊഴിലാളികളേയും സജീവമാക്കാൻ കഴിഞ്ഞു. കൂടാതെ കൈത്തറി മേഖലയ്ക്ക് ആകെ സഹായകരമായ വിധത്തിൽ കൈത്തറി തുണികൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ